## എസ്.ഐ.ഇ.ടി കേരള

## ആപ്റ്റിറ്റ്യൂഡ് ടെസ്റ്റിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. സംസ്ഥാന വിദ്യാഭ്യാസവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി ഹൈസ്കൂൾ തലംമുതലുള്ള വിദ്യാർത്ഥികൾക്കുവേണ്ടി നടപ്പിലാക്കുന്ന പദ്ധതിയാണ് ഓൺലൈൻ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ്.

2. ഓരോ വിദ്യാർത്ഥിയുടേയും ജന്മസിദ്ധമായ താൽപര്യം, അഭിരുചി, വ്യക്തിത്വസവിശേഷതകൾ എന്നിവ കണ്ടെത്തുന്നതിനുള്ള ശാസ്ത്രീയമായ സംവിധാനമാണ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ്.

3. ഈ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റിൽ പങ്കെടുക്കുന്ന വിദ്യാർത്ഥിയുടെ അഭിരുചിക്ക് അനുയോജ്യമായ ഉപരിപഠന മേഖലയും തൊഴിൽ മേഖലയും കണ്ടെത്തി ശുപാർശ ചെയ്യുക എന്നതാണ് ടെസ്റ്റ് ലക്ഷ്യമിടുന്നത്.

4. സ്കൂൾ - കോളേജ് വിദ്യാർത്ഥികൾക്ക് 100 രൂപ ഫീസ് നൽകി ആപ്റ്റിറ്റ്യൂഡ് ടെസ്റ്റിൽ പങ്കെടുക്കാവുന്നതാണ്.

**5. ടെസ്റ്റിൽ പങ്കെടുക്കുവാൻ താൽപര്യമുള്ള വിദ്യാർത്ഥികൾ എസ്.ഐ.ഇ.ടി യുടെ എസ്.ബി.ഐ (State Bank of India, Althara Branch, Thiruvananthapuram) ബാങ്ക് അക്കൗണ്ടിലാണ് ഫീസ് അടക്കേണ്ടത്. A.C. No. 10270827389 (Director, State Institute of Educational Technology, Thiruvananthapuram).**

**6. ആപ്റ്റിറ്റ്യൂഡ് ടെസ്റ്റിന്റെ ഫീസ് അടച്ച ബ്രാഞ്ച്, തീയതി, വിദ്യാർത്ഥിയുടെ അഡ്രസ്സ്, ബന്ധപ്പെടേണ്ട ഫോൺ നമ്പർ എന്നിവ sietaptitude@gmail.com എന്ന അഡ്രസ്സിൽ മെയിൽ ചെയ്യേണ്ടതാണ്.**

7. ഈ മെയിൽ എസ്.ഐ.ഇ.ടിയിൽ ലഭിച്ച് രണ്ട് ദിവസത്തിനകം ആപ്റ്റിറ്റ്യൂഡ് ടെസ്റ്റിനുള്ള രജിസ്ട്രേഷൻ പൂർത്തിയാക്കി വിദ്യാർത്ഥിക്ക് യൂസർനെയിമും പാസ്‌വേർഡും വിദ്യാർത്ഥിയുടെ ഇ-മെയിലിൽ അയച്ചു നൽകുന്നതാണ്.

8. www.sietkerala.gov.in എന്ന എസ്.ഐ.ഇ.ടിയുടെ വെബ് പോർട്ടൽ ഉപയോഗിച്ചാണ് ഓൺലൈനായി ടെസ്റ്റ് നടത്തുന്നത്.

9. ഒന്നര മണിക്കൂറാണ് പരീക്ഷയുടെ ദൈർഘ്യം. ഓൺലൈനായി നൽകുന്ന ചോദ്യങ്ങൾക്ക് താഴെ വിദ്യാർത്ഥിയ്ക്ക് ശരിയെന്നു തോന്നുന്ന ഉത്തരം രേഖപ്പെടുത്താൻ നാല് ഓപ്ഷനുകൾ ഉണ്ടാകും.

10. ഇംഗ്ലീഷ്, മലയാളം എന്നീ രണ്ടു ഭാഷകളിലും ടെസ്റ്റ് ചെയ്യാനുള്ള അവസരം ഉണ്ട്. വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം ഭാഷ തിരഞ്ഞെടുക്കാം.

11.ടെസ്റ്റിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ www.sietkerala.gov.in എന്നപോർട്ടൽ അഡ്രസ്സ് ടൈപ്പ് ചെയ്ത് വെബ്പോർട്ടലിൽ കയറിയതിനു ശേഷം പോർട്ടലിന്റെ ഹോം പേജിൽ കാണുന്ന Aptitude Test എന്ന മെനുവിൽ ക്ലിക്ക് ചെയ്യണം. ക്ലിക്ക് ചെയ്യുമ്പോൾ ടെസ്റ്റിൽ പങ്കെടുക്കുന്നവർക്ക് ലോഗിൻ ചെയ്യുന്നതിനുള്ള പുതിയ പേജ് തുറന്നു വരും.

12. എസ്.ഐ.ഇ.ടി വിദ്യാർത്ഥികൾക്ക് നൽകിയിട്ടുള്ള യൂസർനെയിമും പാസ്‌വേഡും നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തി ലോഗിൻ ചെയ്താണ് ടെസ്റ്റിലേയ്ക്ക് പ്രവേശിക്കേണ്ടത്.

13. ലോഗിൻ ചെയ്യുമ്പോൾ ഓൺലൈൻ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റിൽ പങ്കെടുക്കുന്ന വിദ്യാർത്ഥിയുടെ വ്യക്തിഗത വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള പുതിയ പേജിലേക്ക് കടക്കും. ഈ രജിസ്ട്രേഷൻ പേജിൽ വിദ്യാർത്ഥിയുടെ പേര്, ഇ-മെയിൽ വിലാസം, പഠിക്കുന്ന ക്ലാസ്, സിലബസ്, ടെസ്റ്റിന് തെരഞ്ഞെടുക്കുന്ന ഭാഷ (ഇംഗ്ലീഷ്/മലയാളം) എന്നീ വിവരങ്ങൾ ടൈപ്പ് ചെയ്യുന്നതിനുള്ള കോളങ്ങൾ കാണാം. മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തിയ ശേഷം ഇതേ പേജിനു താഴെ കാണുന്ന സബ്മിറ്റ് എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യണം.

14. തുടർന്നു വരുന്ന പേജിൽ ടെസ്റ്റിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ അറിഞ്ഞിരിക്കേണ്ട പൊതുനിർദ്ദേശങ്ങളും ശ്രദ്ധിക്കേണ്ട വിവരങ്ങളും നൽകിയിട്ടുണ്ട്. നിർദ്ദേശങ്ങൾ ശ്രദ്ധയോടെ വായിക്കുക

15. ടെസ്റ്റിനെ ആപ്റ്റിറ്റ്യൂഡ്, ഇന്ററസ്റ്റ്, പേഴ്സണാലിറ്റി എന്ന് മൂന്ന് ഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. പൊതുനിർദ്ദേശങ്ങൾക്കു താഴെ ഇവയുടെ മൂന്നു ലിങ്കുകൾ കാണാം.

16 .ടെസ്റ്റ് ഏത് ക്രമത്തിൽ പൂർത്തീകരിക്കണമെന്ന് വിദ്യാർത്ഥിക്ക് തീരുമാനിക്കാം. ഓരോ ടെസ്റ്റിലേയും ചോദ്യങ്ങൾക്കു നൽകിയിരിക്കുന്ന നാല് ഉത്തരങ്ങളിൽ വിദ്യാർത്ഥിയ്ക്ക് ശരിയെന്നു തോന്നുന്ന ഉത്തരത്തിൽ ക്ലിക്ക് ചെയ്താൽ മതിയാകും.

17. മൂന്നു ടെസ്റ്റുകളും പൂർത്തിയാക്കിയ ശേഷം സൈൻ ഔട്ട് ചെയ്യണം.

18. ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് കഴിഞ്ഞ് മൂന്നു ദിവസത്തിനകം റിസൽട്ട് ഓൺലൈനായി വിദ്യാർത്ഥിയുടെ ഇ-മെയിൽ അഡ്രസ്സിൽ ലഭിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് എസ്.ഐ.ഇ.ടി യുടെ ഓഫീസുമായി ബന്ധപ്പെടുക. നമ്പർ **0471 - 2338541, 2338540**

OR

sietaptitude@gmail.com, sietkerala@gmail.com

**ഡോ.ബാബു സെബാസ്റ്റ്യൻ**

**ഡയറക്ടർ**
**എസ്.ഐ.ഇ.ടി**